III. ശ്രദ്ധക്ഷണിക്കൽ

ഒല്ലൂർ മേഖലയിലെ പാക്കിംഗ് കെയ്സ് വ്യവസായത്തിലെ പണിമുടക്ക് സംബന്ധിച്ച്

ശ്രീ. പി. ആർ. ഫ്രാൻസിസ്: സർ, ഒല്ലൂർ മേഖലയിലെ പാക്കിംഗ് കെയ്സ് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന 5000-ത്തിൽ പരം വരുന്ന തൊഴിലാളികൾ കഴിഞ്ഞ ഒരു മാസക്കാലമായി സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. മിനിമം വേജസ്സും ഇ. എസ്. ഐ., പ്രോവിഡൻറ് ഫണ്ട് മുതലായ ആനുകൂല്യങ്ങളും നേടി എടുക്കുന്നതിനുവേണ്ടിയാണ് ഈ തൊഴിലാളികൾ സമരം ചെയ്യുന്നത്. കേരളത്തിലെ ചെറുകിട വ്യവസായത്തിലെ ഒരു കേന്ദ്രസ്ഥാപനമാണ് ഒല്ലൂർ. പത്തുകൊല്ലം മുമ്പ് നിശ്ചയിച്ചതായ മിനിമം വേജസ് നേടിയെടുക്കുന്നതിനുവേണ്ടിയാണ് ആ തൊഴിലാളികൾ സമരം ചെയ്യുന്നത്. ആ വ്യവസായത്തിൽ മിനിമം വേജസ് പുതുക്കി നിശ്ചയിക്കാൻവേണ്ടി മൂന്നു കൊല്ലം മുമ്പ് ഗവൺമെൻറ് ഒരു കമ്മിറ്റിയെ വയ്ക്കുകയും ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിന് കിട്ടുകയും ചെയ്തിട്ടുണ്ട്. പക്ഷേ മിനിമം വേജസ് അഡ്വൈസറി ബോർഡ് ഇല്ലാത്തതുകൊണ്ട് ആ റിപ്പോർട്ട് നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ല. ആവശ്യാധിഷ്ഠിതവേതനത്തിനുവേണ്ടി തൊഴിലാളികൾ സമരം ചെയ്യുന്നു. പത്ത് കൊല്ലം മുമ്പ് നിശ്ചയിച്ചതായ മിനിമം വേജസ് നേടിയെടുക്കാൻ വേണ്ടിയാണ് ഒല്ലൂരിലെ തൊഴിലാളികൾ സമരം ചെയ്യുന്നത്. ലേബർ ഉദ്യോഗസ്ഥൻമാർ പല കൺസീലിയേഷൻ യോഗങ്ങളും വിളിച്ചുകൂട്ടിയെങ്കിലും ആ യോഗങ്ങളെല്ലാം പരാജയപ്പെടുകയാണ് ചെയ്തിട്ടുള്ളത്. 5000-ത്തിൽ പരം തൊഴിലാളികളും അതിനെ ആശ്രയിച്ച് ജീവിക്കുന്ന 1000 കണക്കിന് മറ്റ് തൊഴിലാളികളും പട്ടിണിയിലാണ്. ഈ പണിമുടക്ക് തീർക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഉടൻതന്നെ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, തൃശ്ശൂർ ജില്ലയിൽപ്പെട്ട ഒല്ലൂർ ഭാഗത്ത് പാക്കിംഗ് കെയ്സ് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന കുറെ സ്ഥാപനങ്ങളിലെ തൊഴിലാളികൾ ഈ കഴിഞ്ഞ 14.2.79 മുതൽ പണിമുടക്കിൽ ഏർപ്പെട്ടിരിക്കുകയാണ്. തൊഴിലാളികളുടെ പ്രധാനമായ ആവശ്യം കൂലി കൂടുതലാണ്. ജോലിസമയം ക്ലിപ്തപ്പെടുത്തലും അവരുടെ ആവശ്യമായി ഉന്നയിച്ചിട്ടുണ്ട്. ഈ പണിമുടക്കിന് മുമ്പുതന്നെ ഈ ആവശ്യങ്ങളെല്ലാം ഉന്നയിച്ചുകൊണ്ടുള്ള അവകാശ പത്രിക കൊടുത്തപ്പോൾതന്നെ തൊഴിൽവകുപ്പ് ഇടപെട്ട് പല അനുരജ്ഞന സംഭാഷണങ്ങളും നടത്തുകയുണ്ടായിട്ടുണ്ട്. ഇവിടെ എനിക്ക് കിട്ടിയ വിവരമനുസരിച്ച് 15.1.1979, 31.1.79, 5.2.79, 9.2.79, 13.2.79, പണിമുടക്കിനുശേഷം 26.2.79, 2.3.79 എന്നീ ദിവസങ്ങളിൽ കൺസീലിയേഷൻ നടത്തിയിട്ടുണ്ട്. ഇത്രയേറെ ജാഗ്രതയോടുകൂടി തൊഴിൽ പ്രശ്നത്തിൽ ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെട്ടതായ മറെറാരു സന്ദർഭം കാണുമോയെന്ന് ഞാൻ സംശയിക്കുകയാണ്. അവിടത്തെ മുതലാളിമാർ വളരെയേറെ പിടിവാശി പിടിക്കുകയാണ്. സംഘടിതമായി എല്ലാ തൊഴിലാളി സംഘടനകളും പണിമുടക്ക് രംഗത്ത് ഉണ്ട്. എ. ഐ. റ്റി. യു. സി., സി. ഐ. ടി. യു., ഐ.എൻ.ടി.യു.സി., ജനത തുടങ്ങിയ എല്ലാ തൊഴിലാളിസംഘടനകളും ഒരുമിച്ചുനിന്നുകൊണ്ട് കഴിഞ്ഞ ഒരു മാസത്തിൽ കൂടുതൽ സമയം പണിമുടക്കിയിട്ടും തൊഴിൽ ഉടമ വഴങ്ങുന്ന ശ്രമത്തിലല്ല നിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നതും ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഒത്തുതീർപ്പിനുവേണ്ടി കൂടുതൽ ശ്രമങ്ങൾ നടത്തുന്നതായിരിക്കും. അത് പരാജയപ്പെട്ടാൽ അത് അഡ്ജുഡിക്കേഷനോ വിടുകയോ മറ്റ് മാർഗ്ഗങ്ങളിലേക്ക് തിരിച്ചുവിടുകയോ ചെയ്യുന്നതായിരിക്കും.

IV. റിപ്പോർട്ട് സമർപ്പണം

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 22–ാമതു റിപ്പോർട്ട്

ശ്രീ. എം. കെ. കൃഷ്ണൻ: സർ, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 22–ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

ശ്രീ. എം. വി. രാഘവൻെറ സബ്മിഷൻ:

ശ്രീ. എം. വി. രാഘവൻ: സർ, മാവൂർ ഫാക്ടറിക്കടുത്തുള്ള ചാലിയാർ പുഴയിലെ വെള്ളം വിഷമയമാണ്. ആ പുഴയിലെ മൽസ്യങ്ങൾ മാത്രമല്ല, നീർനായവരെ ചത്ത് പൊങ്ങാൻ തുടങ്ങിയിരിക്കുകയാണ്. പശുക്കളും എരുമകളും ആ പുഴയിൽനിന്നും വെള്ളം കുടിച്ചിട്ട് ചത്ത് പൊന്തുകയാണ്. മനുഷ്യരും ചത്ത് പൊന്തിയാൽ മാത്രമേ ഈ ഗവൺമെൻറിന് അതിനെപ്പറ്റി എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. ഈ സഭയിൽത്തന്നെ ശ്രദ്ധക്ഷണിക്കലും മറ്റും വന്നതാണ്. മന്ത്രി ഇതിനെ സംബന്ധിച്ച് മറുപടി പറഞ്ഞുകഴിഞ്ഞതാണ്. ഇവിടെ ഒരു വാട്ടർ പൊല്യൂഷൻ ബോർഡുണ്ട്. മാലിന്യങ്ങൾ തടയാൻ ആണെന്നാണ് പറയുന്നത്. പക്ഷെ അവർ ബിർളായുടെ ശിപായിമാരായിട്ടുനിന്ന് ബിർളാ പറയുന്നത് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. അവർ മാലിന്യം തടയുകയല്ല മാലിന്യം ഉണ്ടാക്കുകയാണ് ചെയ്യുന്നത്. ഗവൺമെൻറിന് ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ആ കുത്തക മുതലാളി രാജ്യത്തെ ജനങ്ങളുടെ ജീവിതം തന്നെവിഷമയമാക്കത്തക്കവിധത്തിൽ അവിടെ ഭൂമിയിൽ അണ്ടർ ഗ്രൗണ്ടായി ഒരു കനാൽ നിർമ്മിക്കുകയാണ്. മാലിന്യങ്ങൾ മുഴുവൻ ആ നദിയിൽ കലക്കാനുള്ള ഏർപ്പാടുകളാണ് അവർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് തടയാനുള്ള യാതൊരു ഏർപ്പാടും ഇല്ല. ഇപ്പോൾ ബിർളാ മുതലാളിതന്നെ ഈ പുഴയിലെ ജലം വിഷമയമാണെന്ന് സമ്മതിച്ചിട്ടുണ്ട്. ഇത് തടയുന്നതിന് ആധുനികമായ പല ഏർപ്പാടുകളും ഉണ്ട്. ബിർളായുടെതന്നെ ഗോവായിലെ രാസവളം നിർമ്മാണ ഫാക്ടറിയിൽ ഇത് തടയാനുള്ള ഏർപ്പാടുകൾ ഉണ്ട്. കേരളക്കാർ ഒന്നിനും കൊള്ളരുതാത്തവരായതുകൊണ്ടാണോ ഈ കുത്തകമുതലാളി ജനങ്ങൾക്കെതിരായി ഈ ദ്രോഹം ചെയ്യുന്നത്. ഇത് തടയുന്നതിനുവേണ്ടി ഈ ഗവൺമെൻറ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അതിനുള്ള നട്ടെല്ല് ഈ ഗവൺമെൻറിനുണ്ടോ? അവിടെ മനുഷ്യൻെറ ജീവനുകൂടി അപകടകരമായ സ്ഥിതിയാണ് ഉള്ളത്. ഒരു നദി മുഴുവൻ വിഷം കലക്കുകയെന്നുള്ള ഒരു ഫാക്ടറി ഉടമയുടെ താന്തോന്നിത്തം കണ്ടു നിൽക്കുകയാണ്. ഇത് കേരളത്തിന് ലജ്ജാകരമാണ്. ഇത് തടയാൻ എന്തെങ്കിലും നടപടി എടുക്കാൻ തയ്യാറുണ്ടോയെന്നാണറിയേണ്ടത്.

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ): സർ, സംഘർഷയോക് സൈഡ് പൈപ്പ് പൊട്ടിയതിൻെറ ഫലമായിട്ടാണ് വിഷജലം പുഴയിൽ ഒഴുകിയതും മൽസ്യങ്ങൾ ചത്തുപോയതും

LIBRARY ARCHIVES Kerala Legislative Assembly